**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5145** **02-11-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ വളം ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ കർഷകർക്ക് കൃഷിക്കാവശ്യമായ വളങ്ങളുടെ ക്ഷാമം അഭിമുഖീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ കേരളത്തിൽ വളം വിതരണം ചെയ്യുന്ന കമ്പനിക്കാരോട് അടിയന്തിരമായി വയനാട് ജില്ലയിൽ വളം എത്തിക്കുവാൻ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്പോൾ ലഭ്യമായ വളങ്ങൾ ഉടൻ തന്നെ കമ്പനികൾ അവിടെ എത്തിക്കുകയും ചെയ്തു. നിലവിൽ വളം ചില്ലറ വിൽപ്പന നടത്തേണ്ടത് POS മെഷീൻ മുഖേനയാണ്. പല റീട്ടെയിൽ വില്പനക്കാരും POS മെഷീൻ മുഖേന വളം വിതരണം ചെയ്യാത്തതിനാൽ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ സ്റ്റോക്ക് POS മെഷീനിൽ കാണിക്കും. POS മെഷീനിലുള്ള നീക്കിയിരുപ്പ് സ്റ്റോക്ക് നോക്കിയാണ് ഓരോ ജില്ലയിലേയും വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നത്. ഒക്ടോബർ മാസം 11, 12 തീയതികളിൽ സംസ്ഥാനത്തൊട്ടാകെയുള്ള വളം ഡിപ്പോകളിൽ കൃഷി ഉദ്യോഗസ്ഥർ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി പരിശോധന നടത്തുകയും POS-ലുള്ള സ്റ്റോക്കും യഥാർത്ഥത്തിലുള്ള സ്റ്റോക്കും തമ്മിലുള്ള പൊരുത്തക്കേട് തിരുത്തിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവർത്തനം തുടർന്നു വരികയും ചെയ്യുന്നു. |
| (ബി) | നിലവിൽ ഏതെല്ലാം വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഡൈ അമോണിയം ഫോസ്ഫേറ്റ് (DAP) എന്ന വളത്തിനാണ് ക്ഷാമം നേരിടുന്നത്. |
| (സി) | കൃഷിക്കാവശ്യമായ വിവിധ വളങ്ങൾ വാങ്ങുന്നതിന് കർഷകർക്ക് സബ്സിഡി അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വില്പനശാലകളിലൂടെ വിതരണം ചെയ്യുന്നത് സബ്സിഡി നിരക്കിലുള്ള വളങ്ങളാണ്. നിലവിൽ കേന്ദ്ര ഗവൺമെന്റ് സബ്സിഡി നൽകുന്നത് വളം വിതരണം ചെയ്യുന്ന കമ്പനികൾക്കാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ കൂടി വളം ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾ കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ